# കേരളസർവകലാശാല

നം.പി.ആർ.153/2023 തിരുവനന്തപുരം, തീയതി: 31/07/2023

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദ പ്രവേശനം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. കോളേജ് പ്രവേശനം ആഗസ്ത് 1 മുതൽ 3 വരെ

കേരളസർവകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനത്തിനായുള്ള സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥിയുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. പുതിയതായി അലോട്ട്മെന്റ് ലഭിച്ചവർ ഓൺലൈനായി ഫീസ് അടച്ച് അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യുക. നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷൻ എടുത്ത് സപ്ലിമെന്ററി അലോട്ട്മെന്റ് ഓപ്ഷൻ നൽകിയവർ പുതിയ അലോട്ട്മെന്റ് ലഭിക്കുകയാണെങ്കിൽ പ്രൊഫൈലിൽ നിന്നും അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യേണ്ടതാണ്. ആഗസ്ത് 1 മുതൽ 3 വരെയാണ് അഡ്മിഷൻ എടുക്കേണ്ടത്. കോളേജിൽ പോയി അഡ്മിഷൻ എടുക്കേണ്ട തീയതിയും സമയവും അലോട്ട്മെന്റ് മെമ്മോയിൽ നൽകിയിട്ടുണ്ട്. അലോട്ട്മെന്റ് ലഭിച്ചവർ മെമ്മോയിൽ പറഞ്ഞിരിക്കുന്ന സമയത്ത് തന്നെ ആവശ്യമായ രേഖകളുടെ ഒറിജിനൽ സഹിതം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. ഏതെങ്കിലും കാരണത്താൽ അലോട്ട്മെന്റ് മെമ്മോയിൽ നൽകിയിട്ടുള്ള തീയതിയിലോ സമയത്തോ അഡ്മിഷൻ എടുക്കാൻ സാധിക്കാത്തവർ അതതു കോളേജിലെ പ്രിൻസിപ്പാളുമായി ബന്ധപ്പെടേണ്ടതാണ്.

നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷൻ എടുത്ത് സപ്ലിമെന്ററി അലോട്ട്മെന്റ് ഓപ്ഷൻ നൽകിയവർ പുതിയ അലോട്ട്മെന്റ് ലഭിക്കുകയാണെങ്കിൽ, നിലവിൽ അഡ്മിഷൻ ലഭിച്ച കോളേജിൽ നിന്നും ടി.സി.യും മറ്റു സർട്ടിഫിക്കറ്റുകളും വാങ്ങി പുതിയതായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ നിർബന്ധമായും അഡ്മിഷൻ എടുക്കേതാണ്. അവർക്ക്, മുൻപ് എടുത്ത ഓപ്ഷനിൽ തുടരാൻ സാധിക്കുന്നതല്ല. ആഗസ്ത് 3 ന് മുൻപ് പുതിയ അലോട്ട്മെന്റിൽ അഡ്മിഷൻ നേടിയില്ലെങ്കിൽ അലോട്ട്മെന്റ് ക്യാൻസൽ ആകുന്നതും അലോട്ട്മെന്റ് നടപടിയിൽ നിന്നും പുറത്താകുന്നതുമാണ്.

പുതിയതായി അലോട്ട്മെന്റ് ലഭിക്കുന്നവർ കോളേജിലെ നിശ്ചിത ഫീസ് അടച്ച് നിർബന്ധമായും **Permanent Admission** എടുക്കേണ്ടതാണ്. എല്ലാ സർട്ടിഫിക്കറ്റുകളുടേയും അസ്സൽ **(Including T.C.)** കോളേജിൽ സമർപ്പിക്കേണ്ടതാണ്. **Permanent Admission** എടുക്കുന്നതിന് വിദ്യാർത്ഥി നേരിട്ട് കോളേജിൽ ഹാജരാകേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് ( **https://admissions.keralauniversity.ac.in/ug2023/**) എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

## പ്രാക്ടിക്കൽ

കേരളസർവകലാശാല 2023 മെയ് മാസം വിജ്ഞാപനം ചെയ്ത മൂന്നാം സെമസ്റ്റർ ബി.വോക് ഫുഡ് പ്രോസസിങ് (359) ബി.വോക് ഫുഡ് പ്രോസസിങ് ആൻഡ് മാനേജ്മെന്റ് (356) കോഴ്സുകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ 2023 ആഗസ്റ്റ് 10 മുതലും 2023 ജൂൺ മാസം വിജ്ഞാപനം ചെയ്ത ഒന്നാം സെമസ്റ്റർ ബി.വോക് ഫുഡ് പ്രോസസിങ് (359) ബി.വോക് ഫുഡ് പ്രോസസിങ് ആൻഡ് മാനേജ്മെന്റ് (356) കോഴ്സുകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ 2023 ആഗസ്റ്റ് 16 മുതലും ആരംഭിക്കുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാല 2023 ആഗസ്റ്റ് 16ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ എം.ബി.എ റെഗുലർ (2020 സ്കീം – 2022 അഡ്മിഷൻ) സപ്ലിമെന്ററി (2020 സ്കീം – 2021 & 2020 അഡ്മിഷൻ, 2018 സ്കീം – 2019 അഡ്മിഷൻ) പരീക്ഷകളിലെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരം വെബ്സൈറ്റിൽ.

## പരീക്ഷാ രജിസ്ട്രേഷൻ

കേരളസർവകലാശാല 2023 ആഗസ്റ്റ് മാസം നടത്താൻ നിശ്ചയിച്ചിരുന്ന എം.ബി.എ മേഴ്സിചാൻസ് ( 2009 സ്കീം – 2010 മുതൽ 2013 അഡ്മിഷൻ വരെ, 2014 സ്കീം – 2014 മുതൽ 2017 അഡ്മിഷൻ വരെ) പരീക്ഷകളുടെ രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട് . വിശദവിവരം വെബ്സൈറ്റിൽ

കേരളസർവകലാശാല 2023 സെപ്റ്റംബർ 11 ആരംഭിക്കുന്ന പത്താം സെമസ്റ്റർ ബി.എഫ്.എ (എച്ച്.ഐ) (അപ്ലൈഡ് ആർട്ട്, പെയിൻറിംഗ്) 2013 സ്കീം ഡിഗ്രി പരീക്ഷ സെപ്റ്റംബർ 2023 പിഴ കൂടാതെ ആഗസ്റ്റ് 7 വരെയും 150 രൂപ പിഴയോടുകൂടി ആഗസ്റ്റ് 10 വരെയും 400 രൂപ പിഴയോടു കൂടി ആഗസ്റ്റ് 14 വരെയും അപേക്ഷിക്കാവുന്നതാണ് വിശദവിവരം സർവ്വകലാശാല വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 സെപ്റ്റംബർ 15 നു ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എം.എഫ്.എ (എച്ച് .ഐ) (അപ്ലൈഡ് ആർട്ട്, പെയിൻറിംഗ്) ഡിഗ്രി പരീക്ഷ സെപ്റ്റംബർ 2023 പിഴ കൂടാതെ ആഗസ്റ്റ് 5 വരെയും 150 രൂപ പിഴയോടുകൂടി ആഗസ്റ്റ് 9 വരെയും 400 രൂപ പിഴയോടുകൂടി ആഗസ്റ്റ് 11 വരെയും അപേക്ഷിക്കാവുന്നതാണ്. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

## പരീക്ഷാ ഫലം

കേരളസർവകലാശാല 2023 മാർച്ച്, മെയ്, ജൂൺ മാസങ്ങളിൽ നടത്തിയ ആറ്, ഏഴ്, എട്ട് സെമസ്റ്റർ ബി.ഡെസ് പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും ആഗസ്റ്റ് 18 വരെ അപേക്ഷിക്കാവുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

## സംസ്കൃത സംഭാഷണ ശില്പശാല

വിശ്വസംസ്കൃത ദിനാഘോഷത്തിന്റെ ഭാഗമായി കേരള സർവകലാശാല വേദാന്ത പഠന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 2023 ആഗസ്റ്റ് 1 മുതൽ 10 വരെ വൈകിട്ട് 5 മുതൽ 6.30 വരെ ഇൻസെന്റീവ് സാൻസ്ക്രിറ്റ് കോഴ്സ് സംസ്കൃത പ്രവേശിക (സംസ്കൃത സംഭാഷണ ശിൽപശാല) കേരളസർവകലാശാലയുടെ പാളയം പി.എം.ജി ജംഗ്ഷനിലെ സ്റ്റുഡൻസ് സെൻറിൽ നടത്തുന്നു. പ്രസ്തുത ക്ലാസിൽ സംസ്കൃതം പഠിക്കുവാൻ ആഗ്രഹിക്കുന്ന എല്ലാവർക്കും പങ്കെടുക്കാവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് പ്രായപരിധിയോ ഇല്ല താല്പര്യമുള്ളവർ 9048479643, 8921590424, 9446409948 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

## യോഗ ആൻഡ് മെഡിറ്റേഷൻ കോഴ്സ് അപേക്ഷ ക്ഷണിച്ചു

ക്രിസ്ത്യൻ കോളേജ് കാട്ടാക്കടയും കേരളസർവകലാശാലയുടെ സെന്റർ ഫോർ കണ്ടിന്യൂയിങ് എജുക്കേഷൻ സെന്റർ നടത്തുന്ന മൂന്നുമാസം ദൈർഘ്യമുള്ള യോഗ ആൻഡ് മെഡിറ്റേഷൻ കോഴ്സ് അപേക്ഷ ക്ഷണിച്ചിരിക്കുന്നു. പ്ലസ്റ്റു കഴിഞ്ഞവർക്ക് അപേക്ഷിക്കാം. പ്രായപരിധി ഇല്ല. ആപ്ലിക്കേഷൻ ഫോം ക്രിസ്ത്യൻ കോളേജിലെ ലൈബ്രറിയിൽ നിന്ന് ലഭിക്കുന്നതാണ്. ക്ലാസുകളിലേക്ക് താൽപ്പര്യമുള്ള വിദ്യാർത്ഥികൾ കോളേജ് അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. താല്പര്യമുള്ളവർ 8547075155 9447319605 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:**For queries**helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**